**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 845** **24-06-2026-ൽ മറുപടിയ്ക്ക്**

**<u>സാമൂഹ്യ നീതി വകുപ്പ് മുഖേനയുള്ള ക്ഷേമ പ്രവർത്തനങ്ങൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ഫൈസൽ ബാബു

ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ
(മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി)

**(എ)** കോഴിക്കോട് സൗത്ത് നിയോജക മണ്ഡലത്തിലെ വയോജനങ്ങൾ, ഭിന്നശേഷിക്കാർ, ട്രാൻസ്ജെൻഡർ എന്നീ വിഭാഗങ്ങൾക്ക് ലഭ്യമാക്കുന്ന ക്ഷേമ പദ്ധതികളുടെ വിശദാംശം അറിയിക്കാമോ;

**<u>മറുപടി:</u>** സാമൂഹ്യനീതി വകുപ്പിന് കീഴിലുള്ള സാമൂഹ്യനീതി ഡയറക്ടറേറ്റ് ജില്ലാ തലത്തിലാണ് പദ്ധതികൾ നടപ്പിലാക്കുന്നത്. കേരള സംസ്ഥാന ഭിന്നശേഷിക്ഷേമ കോർപ്പറേഷൻ, കേരള സാമൂഹ്യസുരക്ഷാമിഷൻ എന്നീ സ്ഥാപനങ്ങൾ സംസ്ഥാതലത്തിലും പദ്ധതികൾ നടപ്പിലാക്കി വരുന്നു. വയോജനങ്ങൾ, ഭിന്നശേഷിക്കാർ, ട്രാൻസ്ജെൻഡർ എന്നീ വിഭാഗങ്ങൾക്ക് ലഭ്യമാക്കുന്ന ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം I ൽ ചേർത്തിരിക്കുന്നു.

**(ബി)** വയോജന സൗഹൃദ കേരളം പദ്ധതിയുടെ ഭാഗമായി കോഴിക്കോട് ജില്ലയിൽ നടപ്പിലാക്കിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

**<u>മറുപടി:</u>** വയോജന സൗഹൃദ കേരളം ലക്ഷ്യമിട്ട് സാമൂഹ്യനീതി വകുപ്പ് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് കീഴിലുള്ള പകൽ വീടുകൾ സായംപ്രഭ റിസോഴ്സ് കേന്ദ്രങ്ങളാക്കി അപ്ഗ്രേഡ് ചെയ്ത് വിവിധ സാമൂഹ്യ പിന്തുണ പരിപാടികൾ നടത്തി വരുന്നു.

**(സി)** ഭിന്നശേഷിക്കാർക്ക് പൊതുസ്ഥാപനങ്ങളിൽ സൗഹൃദപരമായ സൗകര്യങ്ങൾ ഉറപ്പാക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

**<u>മറുപടി:</u>** ഭിന്നശേഷിക്കാരെ സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കുന്നതിനും അവകാശ അധിഷ്ഠിത സാമൂഹ്യമുന്നേറ്റം ഉറപ്പാക്കുന്നതിനുമായി സംസ്ഥാനത്തെ എല്ലാ പൊതു കെട്ടിടങ്ങളും സർക്കാർ ഓഫീസുകളും ഉൾപ്പെടെയുള്ള എല്ലാ പൊതുയിടങ്ങളും ഭിന്നശേഷി സൗഹൃദമാക്കുന്നതിനായി ആവശ്യമായ നടപടികൾ സാമൂഹ്യനീതി വകുപ്പ് മുഖേന ബാരിയർ ഫ്രീ പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. ടി പദ്ധതി പ്രകാരം സംസ്ഥാനത്തെ പൊതു കെട്ടിടങ്ങളിൽ റാമ്പുകൾ, കൈവരികൾ, തടസ്സങ്ങളില്ലാത്ത ലിഫ്റ്റുകൾ, വിശ്രമ മുറികൾ, ശൗച്യമുറികൾ, ബ്രയിലിയിലെ പ്രത്യേക ചിഹ്നങ്ങൾ എന്നിവ നിർമ്മിച്ച് വരുന്നു.

അതത് വകുപ്പുകളുടെ നിയന്ത്രണത്തിലുള്ള ഓരോ സർക്കാർ ഓഫീസുകളും/ സ്ഥാപനങ്ങളും/പൊതു സംവിധാനങ്ങളും ഭിന്നശേഷി സൗഹൃദപരമാണെന്ന് സർക്കാരിലെ എല്ലാ വകുപ്പുകളും ഉറപ്പ്

വരുത്തേണ്ടതും ഇത് നടപ്പിലാക്കുന്നതിന് അതത് വകുപ്പുകൾ സ്വന്തം ഫണ്ട് വിനിയോഗിക്കേണ്ടതുമാണെന്ന് സർക്കാർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്.

NIPMR-ൽ ഭിന്നശേഷി സൗഹൃദ നിർമ്മിതികൾ (Barrier Free Environment) സ്ഥാപിക്കുന്നതിനായി ആക്സിസിബിലിറ്റി ഓഡിറ്റ് നടത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ signage, tactile pathways, hand rails, accessible toilets and accessible parking space, lift തുടങ്ങിയ സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്.

ഭിന്നശേഷിക്കാർക്ക് സൗഹൃദപരമായ സൗകര്യങ്ങൾ ഒരുക്കുന്നതിനായി നിഷിനെ ബാരിയർ ഫ്രീ ക്യാമ്പസ് ആക്കിയിട്ടുണ്ട്.

**(ഡി)** സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള അതിക്രമങ്ങൾ തടയുന്നതിനും കൗൺസിലിംഗ് സേവനങ്ങൾ ശക്തിപ്പെടുത്തുന്നതിനുമായി വകുപ്പ് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

**മറുപടി:** സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള അതിക്രമങ്ങൾ തടയുന്നതിനും, കൗൺസിലിംഗ് സേവനങ്ങൾ ശക്തിപ്പെടുത്തുന്നതിനുമായി സാമൂഹ്യനീതി വകുപ്പിന് കീഴിലുള്ള നിഷ് മുഖാന്തിരം ചുവടെ പറയുന്ന സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്:

• സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള അതിക്രമങ്ങൾ തടയുന്നതിനും POSH ആക്ട് അനുസരിച്ചുള്ള Internal Complaints Committee (ICC) നിഷിലുണ്ട്.

• Internal Complaints Committee (ICC) യെക്കുറിച്ച് കുട്ടികൾക്കും ജീവനക്കാർക്കും ബോധവത്കരണ പരിപാടികളും നടത്താറുണ്ട്.

• മാനസിക പിന്തുണയും മാർഗനിർദേശവും നൽകുന്ന കൗൺസിലിംഗ് സേവനങ്ങൾ.

• മാതാപിതാക്കൾക്കും/കുട്ടികൾക്കും ബോധവൽക്കരണം.

• ഡോക്ടർമാരുടെയോ ആരോഗ്യവിദഗ്ധരുടെയോ സേവനം ലഭ്യമാക്കുന്നതിനായി റഫർ ചെയ്യുക, ആവശ്യമായ ചികിത്സ, പരിശോധന, മരുന്ന്, മാനസികാരോഗ്യ സേവനങ്ങൾ എന്നിവ ലഭിക്കുന്നതിന് സഹായം നൽകുക.

•കുട്ടിയുടെ ആരോഗ്യനിലയെക്കുറിച്ചുള്ള തുടർപരിശോധന ഉറപ്പാക്കുക.

വനിതാ ശിശുവികസന വകുപ്പ് മുഖാന്തിരം ചുവടെ ചേർക്കുന്ന സംവിധാനങ്ങൾ നടപ്പിലാക്കി വരുന്നു.

1. സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി

2. ICDS (Integrated Child Development Services)

3. നിർഭയ സെൽ

4. സ്ത്രീധന നിരോധന നിയമം - 1961

5. പോഷ് ആക്ട് 2013

6. ഗാർഹിക അതിക്രമങ്ങളിൽ നിന്ന് സ്ത്രീകൾക്കുള്ള സംരക്ഷണ നിയമം - 2005

**(ഇ)** സാമൂഹികമായി പിന്നാക്കം നിൽക്കുന്ന കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്ക് ഉന്നത വിദ്യാഭ്യാസ സഹായം നൽകുന്നതിനുള്ള പുതിയ പദ്ധതികൾ ആലോചിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

**മറുപടി:** സാമൂഹികമായി പിന്നാക്കം നിൽക്കുന്ന കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്ക് ഉന്നത വിദ്യാഭ്യാസ സഹായം നൽകുന്നതിനുള്ള പുതിയ പദ്ധതികൾ സാമൂഹ്യനീതി വകുപ്പിൽ ആവിഷ്കരിച്ചിട്ടില്ല. പ്രസ്തുത പദ്ധതികൾ വനിതാ ശിശുവികസന വകുപ്പ്, പിന്നോക്ക വിഭാഗ വികസന വകുപ്പ് എന്നീ വകുപ്പുകൾ മുഖാന്തിരമാണ് നടപ്പിലാക്കി വരുന്നത്.

**(എഫ്)** ഭിന്നശേഷിക്കാർക്കായുള്ള തൊഴിൽ പരിശീലന കേന്ദ്രങ്ങളും സംരംഭകത്വ പദ്ധതികളും വിപുലീകരിക്കുന്നതിനുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

**മറുപടി:** സാമൂഹ്യനീതി വകുപ്പ് മുഖേന ഭിന്നശേഷിക്കാർക്ക് നടപ്പിലാക്കി വരുന്ന തൊഴിൽ പരിശീലന പദ്ധതികളാണ് അതിജീവനം സമഗ്ര പദ്ധതി & പ്രചോദനം പദ്ധതി. ടി പദ്ധതികളുടെ വിശദ വിവരങ്ങൾ **അനുബന്ധം.IIൽ** ചേർത്തിരിക്കുന്നു.

NIPMR 18 വയസിന് മുകളിൽ പ്രായമുള്ള ഭിന്നശേഷിക്കാർക്കായി എംപവർമെൻറ് ത്രൂ വൊക്കേഷണലൈസേഷൻ പദ്ധതി നടപ്പിലാക്കി വരുന്നു.

NISH മുഖാന്തിരം കേരള അക്കാദമി ഫോർ സ്കിൽ എക്സലൻസ് (KASE) യുടെ SANKALP പദ്ധതിയുടെ ധനസഹായത്തോടെ, ATDC മുഖേന ബൗദ്ധിക വൈകല്യം (Intellectual Disability - ID) ഉള്ളവർക്കും ഓട്ടിസം സ്പെക്ട്രം സംബന്ധമായ വൈകല്യങ്ങൾ (Autism Spectrum Related Disorders - ASRD) ഉള്ളവർക്കുമായി 10 യുവാക്കൾക്ക് NISH ഫിനിഷർ & പാക്കർ (NSQF ലെവൽ 2.5) നൈപുണ്യ പരിശീലന പരിപാടി നൽകിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**

**അനുബന്ധം I**

## 1. സാമൂഹ്യനീതി വകുപ്പ് ഡയറക്ടറേറ്റ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ

**വയോജനങ്ങൾ**

1.മന്ദഹാസം പദ്ധതി.

2.വയോഅമൃതം പദ്ധതി.

3.വയോമധുരം പദ്ധതി

4. സായംപ്രഭ ഹോം പദ്ധതി

5. വയോരക്ഷ പദ്ധതി

കൂടാതെ വകുപ്പിന് കീഴിൽ കോഴിക്കോട് ഒരു സർക്കാർ വൃദ്ധമന്ദിരം പ്രവർത്തിച്ചുവരുന്നുണ്ട്.

**ഭിന്നശേഷിക്കാർ**

1.ഭിന്നശേഷിക്കാരായ കായിക താരങ്ങൾക്കുള്ള ധനസഹായ പദ്ധതി

2. ബൗദ്ധിക വെല്ലുവിളി നേരിടുന്നവർക്കായി പ്രചോദനം പദ്ധതി

3.കലാ-കായിക രംഗത്ത് മികവ് പുലർത്തുന്ന ഭിന്നശേഷിക്കാർക്കായി ശ്രേഷ്ഠം പദ്ധതി

4.നിരാമയ ആരോഗ്യ ഇൻഷുറൻസ് പദ്ധതി

5.നിയമപരമായ രക്ഷാകർതൃത്വം

6. പ്രത്യാശ പദ്ധതി

7. ഇംപ്രസ്റ്ററ് മണി പദ്ധതി

8. അതിജീവനം പദ്ധതി

9. വിജയാമൃതം പദ്ധതി

10. സഹചാരി പദ്ധതി

11. പരിരക്ഷ പദ്ധതി

12. സൈക്കോ-സോഷ്യൽ ഗ്രാന്റ് ഇൻ എയ്ഡ് പദ്ധതി

13. സ്വാശ്രയ പദ്ധതി

14. വിദ്യാജ്യോതി പദ്ധതി

15. വിദ്യാകിരണം പദ്ധതി

16. ഭിന്നശേഷിക്കാർക്ക് സഹായ ഉപകരണങ്ങൾ നൽകുന്ന പദ്ധതി

17. വികലാംഗ ദുരിതാശ്വാസ നിധി.

18. കാഴ്ച്ച വൈകല്യമുള്ള അഭിഭാഷകർക്ക് ധനസഹായ പദ്ധതി

19. ഭിന്നശേഷിക്കാരായ കുട്ടികൾക്കുള്ള സ്കോളർഷിപ്പ് പദ്ധതി

20. പരിണയം പദ്ധതി

21. ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് പദ്ധതി (വിദൂര വിദ്യാഭ്യാസം)

22. ഭിന്നശേഷിക്കാർക്ക് പത്താം ക്ലാസ്/ പന്ത്രണ്ടാം ക്ലാസ് തുല്യതാ പരീക്ഷ എഴുതുന്നതിന് ധനസഹായം നൽകുന്ന പദ്ധതി

23. മാതൃജ്യോതി പദ്ധതി

**ട്രാൻസ് ജെൻഡർ**

1. പ്രതിഭ പദ്ധതി

2. അനന്യം പദ്ധതി

3.യത്നം ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് മത്സര പരീക്ഷകൾക്ക് ധനസഹായ പദ്ധതി

4.ട്രാൻസ്ജെൻഡർ വ്യക്തികൾക്കുള്ള സാകല്യം പദ്ധതി

5.ട്രാൻസ്ജെൻഡർ വ്യക്തികൾക്കുള്ള കരുതൽ പദ്ധതി

6.വർണ്ണം- ടി.ജി വിദ്യാർത്ഥികൾക്ക് വിദൂര വിദ്യാഭ്യാസ സാമ്പത്തിക സഹായ പദ്ധതി

7.ടി.ജി വിദ്യാർഥികൾക്ക് പ്രൊഫഷണൽ കോഴ്സുകൾ പഠിക്കുന്നതിനുള്ള സഫലം പദ്ധതി
8.ട്രാൻസ്ജെൻഡർ വ്യക്തികൾക്കായുള്ള സ്വയം തൊഴിൽ ധനസഹായം
9. സമന്വയ തുടർവിദ്യാഭ്യാസ പദ്ധതി
10.ട്രാൻസ്ജെൻഡർ വ്യക്തികൾക്കുള്ള വിവാഹധനസഹായ പദ്ധതി
11.ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് ലിംഗമാറ്റ ശസ്ത്രക്രിയയ്ക്ക് ധനസഹായ പദ്ധതി
12.ലിംഗമാറ്റ ശസ്ത്രക്രിയയെ തുടർന്നുള്ള തുടർചികിത്സയ്ക്ക് ധനസഹായം നൽകുന്ന പദ്ധതി
13.ട്രാൻസ് ജെൻഡർ വിദ്യാർത്ഥികൾക്ക് ഹോസ്റ്റൽ /താമസ സൗകര്യം കണ്ടെത്തുന്നതിന് ധനസഹായ പദ്ധതി
14.ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് നൈപുണ്യ തൊഴിൽ പരിശീലന പദ്ധതി
15. ട്രാൻസ്ജെൻഡർ വ്യക്തികൾക്കുള്ള സ്കോളർഷിപ്പ്
16. ട്രാൻസ് ജെൻഡർ തിരിച്ചറിയൽ കാർഡ് വിതരണം
17. ട്രാൻസ് ജെൻഡർ വ്യക്തികൾക്കായുള്ള ഭവന പദ്ധതി

ഭിന്നശേഷിക്കാർ, വയോജനങ്ങൾ, ട്രാൻസ്ജെൻഡർ വ്യക്തികൾ എന്നിവർക്കായുള്ള മേൽ പദ്ധതികൾ മുഖേനയുള്ള സഹായങ്ങൾ ജില്ലാതലത്തിലാണ് നൽകി വരുന്നത്.

## 2. കേരള സാമൂഹ്യസുരക്ഷാമിഷൻ മുഖേന നടപ്പിലാക്കിവരുന്ന പദ്ധതികൾ

## ഭിന്നശേഷിക്കാർ ഉൾപ്പെടെയുള്ള ആളുകൾക്കായി നടപ്പിലാക്കി വരുന്ന പദ്ധതികൾ

1. **ആശ്വാസകിരണം പദ്ധതി :** ഒരു മുഴുവൻ സമയ പരിചാരകന്റെ സേവനം ആവശ്യമാവിധം കിടപ്പിലായ രോഗികളെയും മാനസിക ശാരീരിക വെല്ലുവിളി നേരിടുന്നവരെയും ഗുരുതര രോഗങ്ങളുള്ളവരെയും പരിചരിക്കുന്നവർക്ക് പ്രതിമാസ ധനസഹായം അനുവദിക്കുന്ന പദ്ധതിയാണ് ആശ്വാസകിരണം പദ്ധതി. 2010 ലാണ് പദ്ധതി ആരംഭിച്ചത്. തുടക്കത്തിൽ 250/- രൂപയായിരുന്നു നൽകിയിരുന്നത്. നിലവിൽ 600/- രൂപ വീതമാണ് പ്രതിമാസം ധനസഹായമായി അനുവദിച്ചു വരുന്നത്.
2. **സ്നേഹസ്പർശം പദ്ധതി** : ചൂഷണത്തിന് വിധേയരായി അവിവാഹിത അവസ്ഥയിൽ അമ്മമാരാകുന്നവർ കുടുംബങ്ങളിൽ നിന്നും സമൂഹത്തിൽ നിന്നും ഒറ്റപ്പെട്ട് ജീവിയ്ക്കേണ്ടി വരുന്നു. ഇത്തരക്കാർക്ക് ദൈനംദിന ജീവിതത്തിന് ആവശ്യമായ സാമ്പത്തിക സഹായം നൽകി ഇവരെ പുനരധിവസിപ്പിക്കുക എന്ന ഉദ്ദേശത്തോടെ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പദ്ധതിയാണ് സ്നേഹസ്പർശം പദ്ധതി. നിലവിൽ 2000/- രൂപ വീതമാണ് പ്രതിമാസം ധനസഹായമായി അനുവദിച്ചു വരുന്നത്.
3. **സമാശ്വാസം പദ്ധതി** : വൃക്ക തകരാർ സംഭവിച്ച് സ്ഥിരമായി ഡയാലിസിസിൽ ഏർപ്പെടുന്നവർ, വൃക്ക, കരൾ മാറ്റിവെയ്ക്കൽ സർജറിയ്ക്ക് വിധേയരായവർ, ഹീമോഫീലിയ രോഗികൾ, സിക്കിൾ സെൽ അനീമിയ രോഗികൾ എന്നിവർക്ക്

പ്രതിമാസ ധനസഹായം അനുവദിക്കുന്ന പദ്ധതിയാണ് സമാശ്വാസം പദ്ധതി. ഡയാലിസിസിന് വിധേയരാകുന്ന ബി.പി.എൽ വിഭാഗത്തിൽപ്പെടുന്ന രോഗികൾക്ക് പ്രതിമാസം 1100/- രൂപ വീതവും വൃക്ക, കരൾ മാറ്റിവെയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയരായ കുടുംബ വാർഷിക വരുമാനം ഒരു ലക്ഷം രൂപ വരെയുള്ളവർക്ക് പ്രതിമാസം 1000/- രൂപ വീതവും ഹീമോഫീലിയ രോഗികൾക്ക് വരുമാന പരിധിയില്ലാതെ 1000/- രൂപ വീതവും നോൺട്രൈബൽ വിഭാഗത്തിൽപ്പെട്ട അരിവാൾ രോഗം ബാധിച്ച രോഗികൾക്ക് പ്രതിമാസം 2000/- രൂപ വീതവും അനുവദിച്ച് വരുന്നു.

**4.വി കെയർ പദ്ധതി** : സഹായമർഹിക്കുന്ന ദുർബല ജനവിഭാഗങ്ങളുടെ ആവശ്യങ്ങൾ കണ്ടറിഞ്ഞ് കരുതലും സുരക്ഷയും നൽകുന്നതിനായി കേരള സാമൂഹ്യ സുരക്ഷാ മിഷൻ ആവിഷ്കരിച്ച ജീവകാരുണ്യ പദ്ധതിയാണ് വി കെയർ. ഭാരിച്ച ചികിത്സാ ചെലവുകൾക്കും സങ്കീർണ്ണമായ രോഗമുള്ളവർക്കും ആശ്വാസമെത്തിക്കാനാണ് വി കെയർ എന്ന പദ്ധതി. ജീവൻ രക്ഷാ ചികിത്സകൾക്കും ശസ്ത്രക്രിയയ്ക്കും അതോടനുബന്ധിച്ചുള്ള ആശുപ്രതി ചികിത്സാ ചെലവിനും നിബന്ധനകൾക്കു വിധേയമായും മാനദണ്ഡങ്ങളനുസരിച്ചും ചികിത്സാ ധനസഹായം അനുവദിച്ചുവരുന്നു.

സാമ്പത്തികമായും സാമൂഹികമായും പിന്നോക്കം നിൽക്കുന്നവർക്ക് മുൻഗണന നൽകിയാണ് പദ്ധതി നടപ്പിലാക്കുന്നത്. വ്യക്തികൾ, സന്നദ്ധ സംഘടനകൾ, ഫൗണ്ടേഷനുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, കോർപ്പറേറ്റുകൾ, സി.എസ്സ്.ആർ ഫണ്ട് എന്നിവയിൽ നിന്നും ജീവ കാരുണ്യ പ്രവർത്തനങ്ങൾക്കായുള്ള നിക്ഷേപ സമാഹരണം നടത്തുകയും ഇത്തരത്തിൽ സമാഹരിക്കുന്ന തുക ഉപയോഗിച്ച് ജീവ കാരുണ്യ പ്രവർത്തനങ്ങൾ നടത്തുക എന്നതാണ് വികെയർ പദ്ധതിയുടെ ലക്ഷ്യം. വികെയർ പദ്ധതിയുടെ ഭരണപരമായ ചെലവുകൾക്കായി ബഡ്ജറ്റിൽ തുക അനുവദിക്കുന്നുണ്ട്.

**5.വൈകല്യ നിർണ്ണയ മെഡിക്കൽ സർട്ടിഫിക്കേഷൻ ക്യാമ്പിലൂടെ വികലാംഗർക്ക് മെഡിക്കൽ സർട്ടിഫിക്കറ്റും തിരിച്ചറിയൽ കാർഡും തൽസമയം വിതരണം ചെയ്യുന്ന പദ്ധതി :** സംസ്ഥാനത്തെ 40% വൈകല്യം ബാധിച്ച മുഴുവൻ പേരെയും കണ്ടെത്തി ഇത്തരം വ്യക്തികൾക്ക് കേന്ദ്ര സംസ്ഥാന സർക്കാരുകളിൽ നിന്നും ലഭിക്കാവുന്ന ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള അടിസ്ഥാനരേഖയായ മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റും തിരിച്ചറിയൽ കാർഡും നൽകുന്ന പദ്ധതിയാണിത്. കൂടാതെ

ദേശീയ തലത്തിൽ വൈകല്യമുള്ള വ്യക്തികളുടെ സ്ഥിതി വിവര കണക്കുകൾ ലഭ്യമാക്കുന്നതിനും, ഇവർക്ക് ദേശീയ തലത്തിൽ ഏകീകൃത രൂപത്തിലുള്ള തിരിച്ചറിയൽ കാർഡുകൾ (UDID – Unique ID for Persons with Disabilities) നൽകുന്നതിനുമുള്ള ഒരു പദ്ധതിക്ക് കേന്ദ്ര ഗവൺമെന്റിന്റെ Ministry of Social Justice & Empowerment, Department of Empowerment of Persons with Disabilities രൂപം നൽകിയിട്ടുണ്ട്. ഇതിനാവശ്യമായ Software ഉം ദേശീയ തലത്തിൽ തന്നെ തയ്യാറാക്കിയിട്ടുണ്ട്. ആദ്യ ഘട്ടത്തിൽ ഈ പദ്ധതി നടപ്പാക്കുന്ന 13 സംസ്ഥാനങ്ങളിൽ കേരളവും ഉൾപ്പെടുന്നു.

**<u>6.ജുവനൈൽ ഡയബറ്റീസ് ബാധിച്ച കുട്ടികൾക്കുള്ള സാമൂഹ്യ സഹായ പദ്ധതി (മിഠായി):</u>** Type 1 Diabetic ബാധിച്ച കുട്ടികൾക്കും കൗമാരക്കാർക്കും സമഗ്ര പരിരക്ഷ നൽകുന്നതിന് കേരള സാമൂഹ്യ സുരക്ഷാ മിഷൻ ആവിഷ്കരിച്ച സമഗ്ര പദ്ധതിയാണ് മിഠായി പദ്ധതി. ടി പദ്ധതിയിൽ continuous glucose monitoring, insulin pen/pump എന്നിവ നൽകുകയും കൗൺസിലിംങ്ങും മാതാപിതാക്കൾക്ക് പരിശീനലവും മറ്റ് സാമൂഹ്യ സുരക്ഷാ സംവിധാനങ്ങൾ ഉൾപ്പെടെ 6 ഘടകങ്ങൾ ഉൾപ്പെടുന്ന ഒരു ബൃഹത് പദ്ധതിയാണിത്. ടി പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം, കോട്ടയം, ആലപ്പുഴ, തൃശ്ശൂർ കോഴിക്കോട് എന്നീ മെഡിക്കൽ കോളേജുകളിൽ പ്രത്യേക Type 1 ഡയബറ്റിക് ക്ലിനിക്കുകൾ ആരംഭിച്ചിട്ടുണ്ട്. ടി ആശുപത്രികളിൽ ആരംഭിച്ച ഡയബറ്റീസ് സെൻററുകളിൽ ഒരു എം.എസ്.സി നഴ്സിന്റെയും ഡയറ്റീഷ്യന്റെയും സേവനം ലഭ്യമാക്കിയിട്ടുണ്ട്. മിഠായി ക്ലിനിക് ഇല്ലാതിരുന്ന ജില്ലകളിൽ സാറ്റലൈറ്റ് സെന്ററിന്റെ പ്രവർത്തനം 2022 ഏപ്രിൽ മുതൽ ആരംഭിച്ചു. ഇൻസുലിൻ മരുന്ന്, രക്തത്തിലെ ഗ്ലൂക്കോസ് മോണിറ്റർ ചെയ്യുവാനുള്ള ഉപകരണങ്ങൾ തുടങ്ങിയവ സാറ്റലൈറ്റ് സെന്റർ മുഖേന നൽകി വരുന്നു.

**<u>വയോജനങ്ങൾക്കായി നടപ്പിലാക്കി വരുന്ന പദ്ധതികൾ</u>**

- **<u>വയോമിത്രം പദ്ധതി :</u>** സംസ്ഥാനത്തെ മുനിസിപ്പൽ/ കോർപ്പറേഷനുകൾ/ ബ്ലോക്കുകളിൽ താമസിക്കുന്ന 65 വയസ്സിനു മുകളിൽ പ്രായമുള്ളവർക്ക് സമ്പൂർണ ആരോഗ്യ പരിരക്ഷയും മാനസിക ഉന്മേഷവും നൽകുന്ന വയോമിത്രം പദ്ധതി കേരള സാമൂഹിക സുരക്ഷാ മിഷൻ നടപ്പിലാക്കുന്നു. നിലവിൽ 95 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ 104 യൂണിറ്റുകൾ കാര്യക്ഷമമായി പ്രവർത്തിച്ചു വരുന്നു. ടി പദ്ധതിയിലൂടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ

വയോജനങ്ങൾക്ക് ഹെല്പ് ഡെസ്ക് സേവനം, വയോജനങ്ങൾക്കുള്ള കൗൺസിലിങ്, മൊബൈൽ ക്ലിനിക്കിലൂടെ സൗജന്യ പരിശോധന മരുന്ന് വിതരണം, പാലിയേറ്റീവ് കെയർ, വാതിൽപ്പടി സേവനം, മൊബൈൽ ക്ലിനിക്കിലൂടെ സൗജന്യ ചികിത്സ എന്നിവ നൽകി വരുന്നു. ഇതിന് പുറമെ മുതിർന്ന പൗരന്മാർക്ക് മാനസിക ഉല്ലാസം പ്രധാനം ചെയ്യാനുള്ള പരിപാടികൾ, വിവിധ ദിനാചരണങ്ങൾ, സ്പെഷ്യാലിറ്റി മെഡിക്കൽ ക്യാമ്പുകൾ തുടങ്ങിയവയും വയോമിത്രം വഴി നടപ്പിലാക്കുന്നു. ജനകീയ പങ്കാളിത്തത്തോടുകൂടി വയോമിത്രത്തെ നഗര പ്രദേശങ്ങളിലെ മുതിർന്ന പൗരനമാരുടെ കൂട്ടായ്മയായി വളർത്താനുള്ള ശ്രമങ്ങൾ മിഷൻ നടത്തി വരുന്നു.

- **ഡിമൻഷ്യ/അൽഷിമേഴ്സ് മെമ്മറി സ്ക്രീനിംഗ് ക്ലിനിക്** : സംസ്ഥാന ജനസംഖ്യയുടെ 12.6 ശതമാനം 65 വയസ്സിൽ കൂടുതൽ പ്രായമുള്ളവരാണ് പ്രായമേറും തോറും വിവിധങ്ങളായ ശാരീരിക ബുദ്ധിമുട്ടുകളും മാനസിക പ്രയാസങ്ങളും പ്രശ്നങ്ങളും വന്നുചേരുന്നു. ഇപ്രകാരമുള്ള പ്രയാസങ്ങളിൽ ഏറെ പ്രാധാന്യമുള്ളതും ഗൗരവമായ വ്യക്തികത സാമൂഹ്യ പ്രയാസങ്ങൾ സൃഷ്ടിക്കുന്നതുമായ ഒരു അവസ്ഥയാണ് മേധാക്ഷയം അഥവാ ഓർമ്മക്കുറവ്. ഇത് പ്രായത്തിന്റെ സ്വാഭാവിക പരിണാമം എന്ന രീതിയിൽ ഡോക്ടർമാരെ കാണുകയോ പ്രതിവിധികൾ തേടുകയോ ചെയ്യാറില്ല ഡിമെൻഷ്യ ഉൾപ്പെടെയുള്ള പല ബുദ്ധിമുട്ടുകളും പ്രധാനമായും പ്രായം മൂലമാണ് ഉണ്ടാകുന്നത് എങ്കിൽപോലും ഇവ നേരത്തെ കണ്ടുപിടിക്കുകയും അനുയോജ്യമായ ഇടപെടലുകളും ഔഷധങ്ങളും നൽകുന്നതിലൂടെ ഇത്തരം അവസ്ഥയുടെ വളർച്ച കുറയ്ക്കാനും ഓർമ്മക്കുറവുമൂലം ഉണ്ടാകുന്ന പെരുമാറ്റ മാറ്റങ്ങളുടെ തീവ്രത കുറയ്ക്കാനും കഴിയുമെന്ന് പഠനങ്ങൾ തെളിയിച്ചിട്ടുണ്ട്.

  ഡിമൻഷ്യ ഒരു ആരോഗ്യപ്രശ്നം എന്നതിനോടൊപ്പം സാമൂഹ്യ പ്രശ്നമായി കൂടി കണ്ടുകൊണ്ട് കേരളത്തിലെ മുഴുവൻ ഡിമൻഷ്യ ബാധിതരെയും കണ്ടെത്തി അനുയോജ്യമായ സേവനങ്ങൾ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ *ഡിമൻഷ്യ സൗഹൃദ കേരളം* എന്ന ഒരു പദ്ധതി **'ഓർമ്മത്തോണി'** എന്ന പേരിൽ സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, വിവിധ വകുപ്പുകൾ, ആരോഗ്യ സർവകലാശാല തുടങ്ങിയവയുടെ സഹകരണത്തോടെ കേരള സാമൂഹ്യ സുരക്ഷാ മിഷനാണ് നടപ്പാക്കുന്നത്. പദ്ധതിയുടെ ആദ്യ ഘട്ടമായി വയോമിത്രം ഗുണഭോക്തക്കൾക്കിടയിൽ സ്ക്രീനിംഗ് നടത്തുന്നതിനു വേണ്ട നടപടികൾ മിഷൻ സ്വീകരിക്കുന്നു. ഇതിന്റെ

ഭാഗമായി വയോമിത്രം ജീവനക്കാർക്ക് 8 ഘട്ടമായി വേണ്ട ട്രെയിനിംഗ് നൽകുകയും, IEC പ്രവർത്തനങ്ങളുടെ ഭാഗമായി ബുക്ക്ലെറ്റ് പ്രിന്റ് ചെയ്ത് വിതരണം ചെയ്തിട്ടുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ തൃശ്ശൂർ ജില്ലയിലെ ഒല്ലൂക്കര ബ്ലോക്കിൽ വയോജന പകൽ പരിപാലന കേന്ദ്രം ARDSI മായി ചേർന്ന് പ്രവർത്തനം ആരംഭിക്കുകയും, തൃശ്ശൂർ ജില്ലയിലെ ഉദ്യോഗസ്ഥ ഭരണപരിഷ്കാര (പൊതു) വകുപ്പിൽ നിന്നുംകുന്നംകുളത്ത് സാമൂഹ്യ നീതി വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന വയോജന പകൽ പരിപാലന കേന്ദ്രം കൂടി '**ഓർമ്മത്തോണി**' പദ്ധതിയുടെ ഭാഗമാക്കി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

ട്രാൻസ്ജെൻഡർ വിഭാഗങ്ങൾക്കായി മിഷൻ മുഖേന പ്രത്യേക പദ്ധതികൾ നടപ്പിലാക്കുന്നില്ല.

## 3. കേരള സംസ്ഥാന ഭിന്നശേഷിക്ഷേമ കോർപ്പറേഷൻ നടപ്പിലാക്കുന്ന പദ്ധതികൾ

| | |
|---|---|
| **ശുഭയാത്ര പദ്ധതി** | • ഹൈടെക് ലിംബ്, ഇലക്ട്രോണിക് വീൽചെയർ തുടങ്ങിയ ആധുനിക ഉപകരണങ്ങളുടെയും പ്രത്യേക ആവശ്യങ്ങൾക്കുള്ള മറ്റ് സഹായ ഉപകരണങ്ങളുടെയും സൗജന്യ വിതരണം<br>• ട്രൈസ്കൂട്ടർ വിതരണം<br>• സൈഡ് വീൽ ഘടിപ്പിക്കുന്നതിന് സബ്സിഡി |
| **ആശ്വാസം പദ്ധതി** | • സ്വയം തൊഴിൽ ബാങ്ക് വായ്പക്ക് സബ്സിഡി<br>• ലോട്ടറി ഏജൻറുമാർക്ക് 5000/- രൂപ ധനസഹായം<br>• സ്വയം സഹായ സംഘങ്ങൾക്ക് 20,000/- രൂപ ധനസഹായം<br>• വായ്പ എടുക്കാൻ മാർഗ്ഗമില്ലാത്തവർക്ക് 25000/- രൂപ സഹായം.<br>• സ്വയംതൊഴിൽ വായ്പ പദ്ധതിയിൽ ഒറ്റത്തവണ തീർപ്പാക്കൽ (OTS) പ്രകാരം തീർപ്പാക്കുന്നവർക്ക് പലിശ, പിഴ പലിശ ഇനത്തിൽ പരമാവധി 50000/- രൂപ ഇളവും, മരണപ്പെട്ടവരുടെ അവശേഷിക്കുന്ന വായ്പാ തുകയും പലിശയും പിഴ പലിശയും എഴുതി തള്ളി വായ്പ തീർപ്പാക്കൽ (സ്വയംതൊഴിൽ വായ്പ), വായ്പ കാലാവധിക്കുള്ളിൽ വായ്പ തീർപ്പാക്കുന്നവർക്ക് മാനദണ്ഡങ്ങൾ പ്രകാരം 20% സബ്സിഡി (സ്വയംതൊഴിൽ വായ്പ). |
| **ഹസ്തദാനം പദ്ധതി** | • SSLC/Plus Two പരീക്ഷകളിൽ ഉന്നത വിജയം നേടുന്ന വിദ്യാർത്ഥികൾക്ക് 5000/- രൂപ ക്യാഷ് അവാർഡ് |

| | |
|---|---|
| | • ഗുരുതര ഭിന്നശേഷിയുള്ള കുട്ടികൾക്ക് 20000/ രൂപ 18 വയസു വരെ സ്ഥിര നിക്ഷേപം<br>• വയോജനങ്ങളെ പരിപാലിക്കുന്നതിന് **സാഫല്യം** പരിചരണകേന്ദ്രം |
| **എൻ.ഡി .എഫ്.ഡി.സി വായ്പ** | • നാഷണൽ ദിവ്യംഗൻ ഫിനാൻസ് ആന്റ് ഡവലപ്മെന്റ് കോർപ്പറേഷന്റെ സ്റ്റേറ്റ് ചാനലിംഗ് ഏജൻസി.<br>• സ്വയംതൊഴിൽ, വിദ്യാഭ്യാസ, വാഹന, ഭവന വായ്പകൾ<br>• 6% മുതൽ 9% വരെ പലിശയിൽ 50 ലക്ഷം രൂപ വരെ സ്വയം തൊഴിൽ/വാഹന വായ്പ്<br>• 50 ലക്ഷം വരെ വിദ്യാഭ്യാസ വായ്പയ്ക്ക് 4% മാത്രം പലിശ<br>• 50 ലക്ഷം വരെ ഭവന വായ്പയ്ക്ക് 7% മാത്രം പലിശ |
| **Ability Beyond Limits പദ്ധതി** | കേരള സംസ്ഥാന ഭിന്നശേഷി ക്ഷേമ കോർപ്പറേഷനും ഭാരതീയ ഖാദി ഗ്രാമ വ്യവസായ സഹകരണ സംഘവും ഭിന്നശേഷിക്കാരായ വ്യക്തികളുടെ സാമൂഹിക ഉൾപ്പെടുത്തലും സാമ്പത്തിക ശാക്തീകരണവും ലക്ഷ്യമിട്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ **Ability Beyond Limits** എന്ന പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തുടനീളം നൂറ് ഖാദി ഔട്ട് ലെറ്റുകളുടെ ശൃംഖല ആരംഭിക്കുന്ന നടപടികൾ നടന്നുവരുന്നു. |
| **COMPUTRON സൗജന്യ മൊബൈൽ ഫോൺ ചിപ്പ് ലെവൽ സർവീസ് കോഴ്സ്** | കേരള സംസ്ഥാന ഭിന്നശേഷി കോർപ്പറേഷനും കമ്പ്യൂട്ടറോൺ ട്രെയിനിംഗ് സൊല്യൂഷനും സംയുക്തമായി ഭിന്നശേഷിക്കാർക്കായി നടപ്പിലാക്കുന്ന **"സൗജന്യ മൊബൈൽ ഫോൺ ചിപ്പ് ലെവൽ സർവീസ്"** കോഴ്സ്. ഭിന്നശേഷിക്കാർക്ക് സ്വയംതൊഴിലും സാങ്കേതിക നൈപുണ്യവികസനവും ഉറപ്പാക്കുന്ന ഈ കോഴ്സ് അത്യന്തം പ്രാധാന്യമുള്ളതും സാമൂഹികമായും സാമ്പത്തികമായും വലിയ മാറ്റങ്ങൾ സൃഷ്ടിക്കാൻ ശേഷിയുള്ളതുമാണ്. ഭിന്നശേഷി ക്ഷേമ കോർപ്പറേഷൻറെ മേൽനോട്ടത്തിലാണ് പരിശീലനം ആവശ്യം ഉള്ളവരെ തിരഞ്ഞെടുക്കുന്നത്. |

**<u>അനുബന്ധം II</u>**

## 1. സാമൂഹ്യനീതി വകുപ്പ് ഡയറക്ടറേറ്റ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ

### അതിജീവനം സമഗ്ര പദ്ധതി

ഭിന്നശേഷിക്കാരുടെ പുനരധിവാസം, ജീവിത നൈപുണ്യപ്രവർത്തങ്ങൾ, വിദ്യാഭ്യാസം,തൊഴിൽ പരിശീലനം തുടങ്ങിയവക്ക് പര്യാപ്തമായ സേവനങ്ങൾ NGO സഹകരണത്തോടുകൂടി ഉറപ്പുവരുത്തുന്ന സമഗ്ര പദ്ധതിയാണ് അതിജീവനം സമഗ്ര പദ്ധതി. ടി പദ്ധതിയിൽ ചുവടെകൊടുത്തിരിക്കുന്ന 5 മാതൃകാ പദ്ധതികളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

1.ഭിന്നശേഷിക്കാർക്കുള്ള തൊഴിൽ പരിശീലന പദ്ധതികൾ
2.ഭിന്നശേഷിക്കാർക്കുള്ള പകൽ പരിപാലന കേന്ദ്രങ്ങൾ.
3.ഭിന്നശേഷിക്കാർക്കുള്ള വിവര സാങ്കേതിക വിദ്യയിലൂടെ ഉന്നമനം ലക്ഷ്യമിടുന്ന പദ്ധതികൾ.
4. മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള മാതൃകാ പുനരധിവാസ പരിപാടി
5.മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള ജീവനോപാധിയോടു കൂടിയുള്ള പുനരധിവാസ പരിപാടി (ഷെൽട്ടേർഡ് വർക് ഷോപ്പ്)

അതിജീവനം പദ്ധതി പ്രകാരം നിലവിൽ തിരുവനന്തപുരം (2 എണ്ണം - VTC), പത്തനംതിട്ട (1 എണ്ണം - VTC), കോട്ടയം (1 എണ്ണം -VTC), ഇടുക്കി ( 1 എണ്ണം- VTC), എറണാകുളം (4 എണ്ണം -VTC) , തൃശ്ശൂർ ( 2 എണ്ണം-VTC), മലപ്പുറം (1 എണ്ണം - പകൽ പരിപാലന കേന്ദ്രം ) എന്നീ ജില്ലകളിലായി ആകെ 12 NGO സ്ഥാപനങ്ങൾ പ്രവർത്തിച്ചു വരുന്നു. മാനസികവും ശാരീരികവുമായ ബുദ്ധിമുട്ടുകൾ നേരിടുന്നവരാണ് ടി പദ്ധതിയുടെ ഗുണഭോക്താക്കൾ.

### പ്രചോദനം പദ്ധതി

ബൗദ്ധിക വെല്ലുവിളി നേരിടുന്നവരുടെ സമഗ്ര വികസനത്തിനായി തൊഴിൽ പരിശീലനം, നൈപുണ്യവികസനം എന്നിവ നൽകുന്ന സന്നദ്ധ സംഘടനകൾക്ക് സർക്കാർ സഹായം അനുവദിക്കുന്നതിനായി വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിയ പുതിയ പദ്ധതിയാണ് പ്രചോദനം പദ്ധതി. സർക്കാർ അംഗീകരിച്ച SOP, കരിക്കുലം എന്നിവയുടെ അടിസ്ഥാനത്തിലാണ് ടി പദ്ധതി നടപ്പിലാക്കുന്നത്. കേരളത്തിലെ 14 ജില്ലകളിലും ഒരു സ്ഥാപനം എന്ന രീതിയിൽ

പൈലറ്റ് അടിസ്ഥാനത്തിൽ 2025-26 വർഷം ആരംഭിച്ച പദ്ധതിയാണിത്. ടി പദ്ധതി പ്രകാരം കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, വയനാട്, കണ്ണൂർ എന്നീ ജില്ലകളിലായി 10 NGO കളെ തെരഞ്ഞെടുത്ത് പദ്ധതി നടപ്പിലാക്കി വരുന്നു.

## 2. കേരള സംസ്ഥാന ഭിന്നശേഷിക്ഷേമ കോർപ്പറേഷൻ നടപ്പിലാക്കുന്ന പദ്ധതികൾ

കേരള സംസ്ഥാന ഭിന്നശേഷി ക്ഷേമ കോർപ്പറേഷന്റെ പദ്ധതി പ്രവർത്തനങ്ങളിൽ ഉള്ള വിഭാവനം ചെയ്തിട്ടുള്ള സ്വയം തൊഴിൽ പദ്ധതിക്കായുള്ള ബാങ്ക് ലോണുകൾക്ക് സബ്സിഡി, ഭിന്നശേഷിക്കാരുടെ സ്വയം സഹായ സംഘങ്ങൾക്ക് നൽകുന്ന ധനസഹായം, സ്വയം തൊഴിലിന് വായ്പക്ക് ഈട് നൽകാൻ കഴിയാത്തവർക്ക് നൽകുന്ന സാമ്പത്തിക സഹായം, ലോട്ടറി ഏജൻറുമാർക്ക് 5000/- രൂപ ധനസഹായം, ഭിന്നശേഷിക്കാർക്കുള്ള ജീവനോപാധി വികസനകേന്ദ്രം, ഭിന്നശേഷിക്കാർക്കുള്ള 'സുശക്തി' സ്വയം സഹായ സംഘങ്ങളുടെ രൂപീകരണം തുടങ്ങിയ പദ്ധതി ഘടകങ്ങൾ ഭിന്നശേഷി വിഭാഗത്തിന്റെ സംരംഭകത്വ സാധ്യതയെ വിപുലീകരിക്കാൻ ഉള്ളതാണ്. മേൽ പദ്ധതി ഘടകങ്ങൾ കൂടാതെ അനുബന്ധം-1-ൽ വിശദമായി പ്രതിപാദിച്ചിട്ടുള്ള കേരള സംസ്ഥാന ഭിന്നശേഷി ക്ഷേമ കോർപ്പറേഷനും ഭാരതീയ ഖാദി ഗ്രാമ വ്യവസായ സഹകരണ സംഘവും ചേർന്ന് നടപ്പിലാക്കുന്ന **Ability Beyond Limits** എന്ന പദ്ധതി, കേരള സംസ്ഥാന ഭിന്നശേഷി കോർപ്പറേഷനും കമ്പ്യൂട്ടറോൺ ട്രെയിനിംഗ് സൊല്യൂഷനും സംയുക്തമായി ഭിന്നശേഷിക്കാർക്കായി നടപ്പിലാക്കുന്ന **"സൗജന്യ മൊബൈൽ ഫോൺ ചിപ്പ് ലെവൽ സർവീസ്"** കോഴ്സ് എന്നിവയും ഭിന്നശേഷിക്കാരുടെ തൊഴിൽ പരിശീലനം, സംരഭകത്വം എന്നിവ ലക്ഷ്യം വച്ചുള്ളതാണ്. NDFDC വായ്പാ പദ്ധതിക്ക് കീഴിൽ 6% മുതൽ 9% വരെ പലിശ നിരക്കിൽ 50 ലക്ഷം രൂപ വരെ സ്വയം തൊഴിൽ വായ്പാ അനുവദിക്കുന്ന പദ്ധതിയും നിലവിലുണ്ട്.